**ഗിരിവർഗ്ഗക്ഷേമ പദ്ധതി ഫണ്ട് ക്രമക്കേടും വകമാറ്റി ചെലവഴിക്കലും സംബന്ധിച്ച്**

**87 (4028)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 സാമ്പത്തിക വർഷം ഗിരിവർഗ്ഗ ക്ഷേമ പദ്ധതി ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ക്രമക്കേടുകളും വകമാറ്റി ചെലവഴിക്കലും സർക്കാർ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇതിന് കാരണക്കാരായവരുടെമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ക്രമക്കേട് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ പരിശോധന നടത്തിയിട്ടില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**ഇടുക്കിയിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ**

**88 (4029)** ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ എത്ര പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഉൾക്കാട്ടിൽ സ്ഥിതി ചെയ്യുന്നവയെത്ര ;

(സി) മഴക്കാലത്ത് ഇടുക്കി ട്രൈബൽ സെറ്റിൽമെന്റുകളിലെ പനി, വയറിളക്കം, മറ്റ് രോഗങ്ങൾ എന്നിവ എത്രപേർക്ക് പിടിപെട്ടു ;

(ഡി) ഇവർക്ക് ആഹാരം, മരുന്ന് എന്നിവയെത്തിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ; വിശദവിവരം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 302.

(ബി) 147.

(സി) 1594 പേർക്ക് വിവിധ രോഗങ്ങൾ പിടിപെട്ടിട്ടുള്ളതായി റിപ്പോർട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകൾ, ആരോഗ്യവകുപ്പിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവ മുഖേന മരുന്ന് വിതരണവും ചികിത്സയും നടത്തിയിട്ടുണ്ട്. ഈ കാലയളവിൽ 30 മെഡിക്കൽ ക്യാമ്പുകൾ നടത്തി അവശേഷിക്കുന്ന സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർയോജന, ഫുഡ്സ്പോർട്ട് പ്രോഗ്രാം എന്നീ പദ്ധതികൾ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തുവരുന്നു. ഇതിന്റെ പ്രയോജനം ലഭിക്കാത്തവർക്കുവേണ്ടി ഭക്ഷ്യധാന്യ വിതരണം ചെയ്യുന്നതിനുവേണ്ടി സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പാത്തിപ്പാറ, പൂവത്തിൻചോട് എന്നീ ആദിവാസി കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി**

**89 (4030)** ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടികവർഗ്ഗ–ന്യൂനപക്ഷ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോളഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പാത്തിപ്പാറ, പൂവത്തിൻചോട് എന്നീ ആദിവാസി കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് താമരശ്ശേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും എത്ര രൂക്ഷമാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-8-2002-ൽ 30 ലക്ഷം രൂപയ്ക്കുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിന്റെ 50% (അൻപത് ശതമാനം) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുക്കുന്നത്. അതിനാൽ ഈ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് ഈ വകുപ്പിന് വ്യക്തമാക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly